		വീടുകളുടെ എണ്ണം.	എസ്റ്റിമേറ്റ് തുക.
1.	ചാക്ക (തിരുവനന്തപുരം)	200	7,39,400.
2.	കരമന (തിരുവനന്തപുരം)	18	1,03,960.
3.	തിരുമല (തിരുവനന്തപുരം)	60	2,40,050.
4.	കുണ്ടറ (കൊല്ലം)	100	3,28,880.
5.	ആലുവാ	100	5,10,820.
6.	ആലുവാ	50	2,59,610.

ആശുപത്രികൾ.

* 224. [38] ശ്രീ. പി. എം. മാക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ മരുന്നില്ല എന്നുള്ള കാരണത്താൽ പുറത്തുനിന്നും മരുന്നു വാങ്ങിച്ചുകൊണ്ടുവരാൻ ഡാക്ടർമാർ കുറിച്ചുകൊടുക്കുന്ന സമ്പ്രദായംനിമിത്തം മരുന്നു വിലയ്ക്കുവാങ്ങിക്കാൻ കഴിവില്ലാത്ത പാവപ്പെട്ടവർ വളരെ വിഷമിക്കുന്നുണ്ടോ;

(ബി) ഈ നിലപാടിനു് ഒരു മാറ്റംവരുത്തി കഴിവുള്ളവരെക്കൊണ്ടു് കാലേക്കൂട്ടി മരുന്നുവാങ്ങിപ്പിക്കുകയും, ആശുപത്രികളിലുള്ള മരുന്നു് പാവങ്ങൾക്കു് യഥാവസരം കിട്ടത്തക്കവണ്ണം വേണ്ട വ്യവസ്ഥ അംഗീകരിക്കാമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. ഏ. റഹിം):

(എ) ഇല്ല.

(ബി) ചില അവസരങ്ങളിൽ ചില പ്രത്യേക മരുന്നുകൾ രോഗികൾക്കു് ഫലപ്രദമാണെന്നു കാണുമ്പോൾ അവ ആശുപത്രിയിൽ ഇല്ലാത്തപ്പോൾ വെളിയിൽനിന്നും വാങ്ങിക്കുന്നതിനു് സൌകര്യമുണ്ടാക്കുവാൻ നിർദ്ദേശിക്കാറുണ്ടു്. ആശുപത്രികളിലുള്ള മരുന്നുകൾ പാവങ്ങൾക്കു മാത്രം ലഭിക്കത്തക്കവിധം നിയന്ത്രിക്കുന്നതിനു് പൊതുജനാഭിപ്രായമുണ്ടാക്കുവാനുള്ള ആശുപത്രിയായിരിക്കുന്ന കാലത്തോളം സാധിക്കുന്നതല്ല.

ഭവന നിർമ്മാണ പദ്ധതി

* 225. [39] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ പദ്ധതിയനുസരിച്ചു് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ എല്ലാം താമസത്തിനു കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി എത്ര പ്രാക്കിയുണ്ടു്; അവ താമസത്തിനു കൊടുക്കാതിരിക്കാൻ കാരണമെന്തു്;

(സി) കമ്മ്യൂണിറ്റി പ്രോജക്ടിൽനിന്നും നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും ഈ കണക്കിൽ ഉൾപ്പെട്ടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly